ആർ.ബി.ഐ/2005-06/89
സൂചന ഡി.ബി.ഒ.ഡി. നമ്പർ
എ.എം.എൽ.ബി.സി.
23/14-01-064/2005-06 02 ആഗസ്റ്റ് 2005

പ്രാദേശിക ഗ്രാമീണ ബാങ്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾഡു വാണിജ്യ ബാങ്കുകളുടെ ചീഫ് എക്സിക്യൂട്ടീവുകൾക്ക്

സർ,

വെള്ളപ്പൊക്കക്കെടുതി അനുഭവിച്ചവർക്കു ബാങ്ക് അക്കൗണ്ടു തുറക്കുന്നതിനു സൗകര്യം നൽകുന്നതിന്,

ദയവായി ഞങ്ങളുടെ അറിയിപ്പു ഡി.ബി.ഒ.ഡി-നമ്പർ എ.എം.എൽ-ബി.സി. 58/14-01-001/2004-05 തീയതി നവംബർ 29-2004, ഇടപാടുകാർക്കുള്ള മാർഗ്ഗരേഖകളെ സംബന്ധിച്ചുള്ളതാണ്, പ്രത്യേകമായി പണം വെളുപ്പിക്കുന്നതിനെതിരെയുള്ള നിലവാരത്തെക്കുറിച്ചാണ്. ടി അറിയിപ്പിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ അക്കൗണ്ടുകൾ തുറക്കുമ്പോൾ ഇടപാടുകാർക്കു സ്വീകാര്യമായതും, ഇടപാടുകാരെ തിരിച്ചറിയാൻ സഹായിക്കുന്നതുമായ നടപടിക്രമങ്ങൾ ആവിഷ്ക്കരിച്ചു തിട്ടപ്പെടുത്തി ഉപയോഗിക്കണം.

മുൻപെങ്ങും ഇല്ലാത്ത രീതിയിൽ വെള്ളപ്പൊക്കക്കെടുതി മഹാരാഷ്ട്രയിൽ ധാരാളം ആളുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നുള്ള കാര്യം താങ്കൾക്ക് അറിയുമല്ലോ. സ്റ്റേറ്റു ഗവൺമെന്റ് ദുരിതത്തിൽപ്പെട്ടവർക്ക് 50000-മുതൽ 2ലക്ഷം വരെ രൂപയുടെ ചെക്കു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. അവരിൽ ബാങ്ക് അക്കൗണ്ട് ഇല്ലാത്തവരും പുതിയ അക്കൗണ്ടുകൾ വേണ്ടി വരുന്നവരും ആണ്. നാശനഷ്ടമുണ്ടായ പശ്ചാത്തലത്തിൽ ബാങ്കുകൾ ഏറ്റവും കുറഞ്ഞ നടപടിക്രമങ്ങളിൽക്കൂടി വേഗത്തിൽ അവർക്കു അക്കൗണ്ടു നൽകേണ്ടതാണ്.

എ) മറ്റൊരു അക്കൗണ്ടുകാരന്റെ പരിചയപ്പെടുത്തലിലൂടെയോ,

ബി) തിരിച്ചറിയൽ രേഖകളായ, വോട്ടർ തരിച്ചറിയൽകാർഡ്, ഡ്രൈവിംഗ് ലൈസൻസ്, സ്കൂൾ, കമ്പനി, ആഫീസ് കോളേജ്, എന്നിവിടങ്ങളിൽ നിന്നു നൽകിയ തിരിച്ചറിയിൽ കാർഡുകൾ, മേൽവിലാസം സൂചിപ്പിക്കുന്ന മറ്റു രേഖകൾ, ഇലക്ട്രിസിറ്റിബിൽ, റേഷൻ കാർഡ് എന്നിവയോ

സി) പാര 2-ൽ പറയുന്ന രേഖകളുള്ള അയൽവാസികളായ രണ്ടുപേരുടെ പരിചയപ്പെടുത്തലോ,

ഡി) മുകളിൽ പറഞ്ഞ തെളിവുകളൊന്നുമില്ലെങ്കിൽ ബാങ്കിന്റെ തീരുമാന മനുസരിച്ചും അക്കൗണ്ട് തുറക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**പ്രശാന്ത് സരൻ**

(ചീഫ് ജനറൽ മാനേജർ)